നം.ക്യൂ.ഐ.പി.(2)/32500/2016/ഡി.പി.ഐ.

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം,
തീയതി: 03..09..2017.

## സർക്കുലർ

വിഷയം:- പൊതു വിദ്യാഭ്യാസം - തത്സ്ഥല സഹായവും മോണിറ്ററിംഗും (OSMS) --സംബന്ധിച്ച്--

സൂചന:- 26-08-2017-ലെ നമ്പറായ 201/എം2/17/പൊ.വി.വ. സർക്കാർ പരിപത്രം.

വിദ്യാലയങ്ങളിൽ നടക്കുന്ന അക്കാദമിക പ്രവർത്തനങ്ങളും അനുബന്ധ സംവിധാനങ്ങളും വിലയിരുത്തുന്നതിനും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും ഉള്ള ഒരു സ്ഥിരം ക്രമീകരണമെന്ന രീതിയിൽ വിദ്യാഭ്യാസ ഓഫീസർമാരുടെ നേതൃത്വത്തിൽ OSMS എന്ന തത്സ്ഥല സഹായ-മോണിറ്ററിംഗ് സംവിധാനം രൂപപ്പെടുത്തുന്നതിന് സർക്കാർ ഉത്തരവായിരിക്കുന്നു.

പ്രസ്തുത പദ്ധതി പ്രകാരം സർക്കാർ സ്കൂളുകളിൽ പിന്തുണാ സംവിധാനം ശക്തിപ്പെടുത്തുന്നതിനായി (Onsite Support and Monitory System - OSMS) മൂന്ന് അംഗങ്ങളുള്ള സമിതിക്ക് രൂപം നൽകിയിട്ടുണ്ട്. പ്രൈമറി സ്കൂളുകളിൽ എസ്.എസ്.എ., ഡയറ്റ് എന്നിവയുടെ പ്രതിനിധികളും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറും അടങ്ങിയ സമിതി ആയിരിക്കും ഈ ചുമതല നിർവ്വഹിക്കുന്നത്. സെക്കന്ററി സ്കൂളുകളിൽ ആർ.എം.എസ്.എ., ഡയറ്റ് എന്നിവയുടെ പ്രതിനിധികളും, ജില്ലാ വിദ്യാഭ്യാസ ഓഫീസറും അടങ്ങിയ സമിതിയ്ക്കായിരിക്കും ചുമതല.

സമിതി അംഗങ്ങൾ, സ്കൂളുകൾ സന്ദർശിച്ച് പ്രവർത്തനം വിലയിരുത്തുകയും സ്കൂളിന്റെ മികവുകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കുകയും പരിമിതികൾ നിർണ്ണയിച്ച് ആവശ്യമായ സഹായങ്ങൾ ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്. സന്ദർശനവേളയിൽ താഴെപറയുന്ന കാര്യങ്ങൾ സമിതിയുടെ പ്രത്യേക നിരീക്ഷണത്തിന് വിധേയമാക്കേണ്ടതാണ്.

1. ലൈബ്രറി പുസ്തകങ്ങളുടെ ലഭ്യത, ക്രമീകരണം, വിതരണം, പ്രയോജനപ്പെടുത്തൽ.
2. ഡിജിറ്റൽ റിസോഴ്സുകളുടെ ലഭ്യത, ക്രമീകരണം, വിതരണം, പ്രയോജനപ്പെടുത്തൽ.
3. നിർമ്മാണ പ്രവർത്തനങ്ങൾ, മറ്റ് സിവിൽ ജോലികൾ എന്നിവയുടെ പുരോഗതി.
4. ഗണിതം, ഇംഗ്ലീഷ്, പരിസ്ഥിതി പഠനം എന്നിവയിൽ 50% ന് താഴെ സ്കോർ നേടിയ കുട്ടികളുടെ പഠന പുരോഗതി.
5. വിവിധ വിഷയങ്ങളിൽ 80% ന് മുകളിൽ സ്കോർ നേടിയ കുട്ടികൾക്ക് നൽകി വരുന്ന പ്രോത്സാഹന പ്രവർത്തനങ്ങൾ. .
6. അധ്യാപകരുടെ സാന്നിദ്ധ്യവും പഠന ബോധന പ്രക്രിയയുടെ കാര്യക്ഷമതയും.
7. തുടർമൂല്യനിർണ്ണയ പ്രവർത്തനങ്ങൾ.

(..2...)

കൂടാതെ പൊതു വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്ന ശ്രദ്ധ പദ്ധതിയുടെ പ്രവർത്തനങ്ങൾ പരിശോധിക്കേണ്ടതും, പ്രസ്തുത പദ്ധതിയോടനുബന്ധിച്ച് മികച്ച പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ള സ്കൂളുകളെയും അദ്ധ്യാപകരെയും കണ്ടെത്തി റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്യേണ്ടതാണ്.

കെ.ഇ.ആർ. ചട്ടങ്ങൾ അനുസരിച്ചുള്ള വിദ്യാഭ്യാസ ഓഫീസർമാരുടെ ആകസ്മിക സന്ദർശനം, സ്കൂൾ ഇൻസ്പെക്ഷൻ എന്നിവയ്ക്ക് പുറമെ ഒരു അദ്ധ്യായന വർഷം ഒരു സ്കൂളിൽ കുറഞ്ഞത് ഒരു പ്രവശ്യമെങ്കിലും സന്ദർശനം നടത്തി പിന്തുണാ സംവിധാനങ്ങൾ ഒരുക്കാൻ കഴിയുന്ന വിധത്തിലുള്ള ക്രമീകരണം ഉണ്ടാകേണ്ടതാണ്.

ഉപജില്ലാ, ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ ഒക്ടോബർ 15 നു മുൻപായി OSMS സമിതികൾക്ക് രൂപം നൽകേണ്ടതും ഒക്ടോബർ 16 മുതൽ സമിതികളുടെ പ്രവർത്തനം ആരംഭിക്കേണ്ടതുമാണ്. എല്ലാ മാസവും 5-ാം തീയതിക്ക് മുൻപായി സന്ദർശിച്ച സ്കൂളുകളെ സംബന്ധിച്ച പ്രതിമാസ റിപ്പോർട്ട് **dpiqipkerala@gmail.com** എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്.

OSMS പ്രവർനങ്ങൾക്കുള്ള ഫണ്ട് ഉടൻതന്നെ ഉപജില്ലാ, ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് വിദ്യാഭ്യാസ ഉപഡയറക്ടർ വഴി കൈമാറുന്നതാണ്. വിദ്യാഭ്യാസ ഉപ ഡയറക്ടർമാർ മാസത്തിലൊരിക്കൽ മോണിറ്ററിംഗ് സമിതികളുടെ യോഗം വിളിച്ചുകൂട്ടി പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

**ജിമ്മി.കെ. ജോസ്,**
പൊതു വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (അക്കാഡമിക്)
പൊതു വിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

സ്വീകർത്താവ്

1) എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.
2) എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും.
3) എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും.
4) സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, എസ്.എസ്.എ.
5) സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, ആർ.എം.എസ്.
6) എല്ലാ ഡയറ്റ് പ്രിൻസിപ്പൽമാർക്കും.

എ.റ്റി. 4/10